## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **09-02-2023 - ൽ മറുപടിയ്ക്ക്**

### തൃശ്ശൂർ ജില്ലയിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രത്യേക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ വനം - വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നം. 092/2022) പ്രത്യേക നിയമനത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (എ) | 28.12.2022 തീയതിയിൽ നിലവിൽ വന്നിട്ടുള്ള റാങ്ക് പട്ടികയിൽ നിന്നും 10 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പിനും കായിക ക്ഷമതാ പരീക്ഷയ്ക്കും പരിഗണിക്കുവാൻ അർഹരായവരുടെ 14.11.2022 ന് പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ ഉൾപ്പെടാത്ത നാല് ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പർ 19.11.2022 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർക്കിന്റെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ കമ്മീഷൻ തീരുമാനിച്ച നിശ്ചിത എണ്ണം ഉദ്യോഗാർത്ഥികളെയും അപേക്ഷയിൽ മുൻഗണന അവകാശപ്പെട്ട/ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിരുന്ന ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തിയാണ് 14.11.2022 തീയതിയിൽ സോപാധിക ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരുന്നത്. ടി ലിസ്റ്റിൽ ഉൾപ്പെടുവാൻ വേണ്ട മാർക്ക് ലഭിക്കാത്തതിനാലും അപേക്ഷയിൽ മുൻഗണന അവകാശപ്പെടാത്തതിനാലുമാണ് 107805, 107930, 107973, 107983 എന്നീ രജിസ്റ്റർ നമ്പറുകളിലുള്ള ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നത്. |
| (സി) | 107805, 107930, 107973, 107983 എന്നീ രജിസ്റ്റർ നമ്പരുകൾ 14.11.2022 ന് പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ ഉൾപ്പെടാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർക്കിന്റെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ കമ്മീഷൻ തീരുമാനിച്ച നിശ്ചിത എണ്ണം ഉദ്യോഗാർത്ഥികളെയും അപേക്ഷയിൽ മുൻഗണന അവകാശപ്പെട്ട/ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിരുന്ന ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തിയാണ് 14.11.2022 തീയതിയിൽ സോപാധിക ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരുന്നത്. ടി ലിസ്റ്റിൽ ഉൾപ്പെടുവാൻ വേണ്ട മാർക്ക് ലഭിക്കാത്തതിനാലും അപേക്ഷയിൽ മുൻഗണന അവകാശപ്പെടാത്തതിനാലുമാണ് 107805, 107930, 107973, 107983 എന്നീ രജിസ്റ്റർ നമ്പറുകളിലുള്ള ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | 14.11.2022 ന് പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ ഉൾപ്പെടാത്ത രജിസ്റ്റർ നമ്പറുകൾ 19.11.2022 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ എങ്ങനെയാണ് ഉൾപ്പെടുത്തിയതെന്ന് അറിയിക്കുമോ? | (ഡി) | 14.11.2022 തീയതിയിൽ പ്രസിദ്ധീകരിച്ച സോപാധിക ചുരുക്കപ്പട്ടികയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികളും ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ കമ്മീഷൻ അനുവദിച്ച സമയത്തിനുള്ളിൽ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തിരുന്നില്ല. ആയതിനാൽ അത്തരം ഉദ്യോഗാർത്ഥികളെ ഒഴിവാക്കി പകരം അവരേക്കാൾ മാർക്ക് കുറഞ്ഞവരും പ്രൊഫൈലിൽ ആവശ്യമായ പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്തിരുന്നവരുമായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയാണ് 19.11.2022 ലെ അന്തിമ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചത്. ഇപ്രകാരമാണ് 107805, 107930, 107973, 107983 രജിസ്റ്റർ നമ്പറുകൾ 19.11.2022 ൽ പ്രസിദ്ധീകരിച്ച അന്തിമ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ